# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:267** **18.08.2017-ൽ മറുപടിയ്ക്ക്**

## മത്സ്യകൃഷി രംഗത്തെ നൂതന രീതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ. ആൻസലൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| (എ) മത്സ്യകൃഷി രംഗത്തെ നൂതന രീതികളായ ടാങ്കുകളിലെ ആർ.എ.എസ്. കൃഷി, കൂടുകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; കടലിൽ കൂടുകൃഷി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) 2016-2017 സാമ്പത്തിക വർഷത്തിൽ നൂതന മത്സ്യ കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മത്സ്യകൃഷി രംഗത്തെ നൂതന രീതികളായ ടാങ്കുകളിലെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്) കൃഷി, ഓരുജല മത്സ്യങ്ങളുടെ കൂടുകൃഷി, റിസർവ്വോയറുകളിലെ കൂടുകൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബ്ലൂറെവല്യൂഷൻ പദ്ധതി 2016-17-ൽ ഉൾപ്പെടുത്തി ഓരുജലാശയങ്ങളിലെ കൂടുകൃഷി, കടലിലെ കൂടുകൃഷി എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്കുകളിലെ ആർ.എ.എസ് കൃഷി, ഓരുജല മത്സ്യങ്ങളുടെ കൂടുകൃഷി, എന്നീ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2016-17-ൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 'കടലിലെ കൂട് കൃഷി' നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ജനകീയ മത്സ്യകൃഷിയെന്ന പേരിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു; | (ബി) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ടി പദ്ധതി നടപ്പിലാക്കു |

ന്നതു മുഖേന മത്സ്യോത്പാദനം 4500 കി. ഗ്രാം / ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉല്പാദനം ഇരട്ടിയാക്കുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയ്ക്ക് 2338 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| (സി) | സംയോജിത മത്സ്യകൃഷി (സി) പ്രോത്സാഹനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കമോ? | സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് അഡാക്ക് മുഖേന കൈപ്പാട് പൊക്കാളി നിലങ്ങളിൽ 25 കോടി രൂപ അടങ്കൽ തുക വരുന്ന സംയോജിത മൽസ്യ-നെൽകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയിലുൾപ്പെടുത്തി 3000 ഹെക്ടർ പാടശേഖരങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് കൈപ്പാട് - പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻ/മത്സ്യ/നെൽകൃഷി 2017-2020 വർഷങ്ങളിൽ നടപ്പിലാക്കുന്നതിനായി 305.70 കോടി രൂപ അടങ്കൽ തുക വരുന്ന പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ